# മഹാത്മാഗാന്ധി സർവ്വകലാശാല

**(സംഗ്രഹം)**

**ജീവനക്കാര്യം: സിൻഡിക്കേറ്റ് തീരുമാനം - ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് - സൂപ്പർ വൈസറി/ഡെപ്യൂട്ടി രജിസ്ട്രാർ തസ്തിക സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഭരണവിഭാഗം എ1 സെക്ഷൻ**

**നം. 3108/എ1/2/2018/ഭരണവിഭാഗം** **തീയതി, പ്രിയദർശിനി ഹിൽസ്, 05.04.2018**

---

**സൂചന: 24.03.2018-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ.എ.28/18.03.**

## ഉത്തരവ്

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിന്റെ റഗുലേഷൻ പ്രകാരം ഡെപ്യൂട്ടി രജിസ്ട്രാറിൽ കുറയാത്ത ഒരു മേലന്വേഷണ തസ്തികയും മറ്റ് അനുബന്ധ തസ്തികകളും അനുവദിക്കണമെന്ന ആവശ്യം സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും, പ്രസ്തുത ഡയറക്ടറേറ്റിൽ ഒരു ഡെപ്യൂട്ടി രജിസ്ട്രാർ തസ്തിക അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിനാലും, സർവ്വകലാശാലയിലെ 55,350 - 1,01,400/- ശമ്പളസ്കെയിലുള്ള പ്രോഗ്രാം കോ ഓർഡിനേറ്റർ തസ്തിക (സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്), 22,200 - 48,000/- ശമ്പള സ്കെയിലുള്ള ഗ്ലാസ്സ് ബ്ലോവർ തസ്തിക എന്നീ രണ്ട് തസ്തികകളും അവശ്യം വേണ്ട തസ്തികകൾ അല്ലാത്തതിനാലും, സർവ്വകലാശാലയിൽ സംസ്ഥാനത്തെ ഇതര സർവ്വകലാശാലകളേക്കാളും മേൽനോട്ട തസ്തികകൾ കുറവാണെന്നതിനാലും, അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്തതിനാലും, 2017-18-ലെ സർവ്വകലാശാല ബഡ്ജറ്റിൽ നിഷ്ക്രിയമായ തസ്തികകൾ അക്കാദമിക/പരീക്ഷാ വിഭാഗങ്ങളിലെ മേൽനോട്ട തസ്തികകളാക്കി മാറ്റുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട് എന്നത് പരിഗണിച്ചും, പ്രോഗ്രാം കോ ഓർഡിനേറ്റർ, ഗ്ലാസ്സ് ബ്ലോവർ എന്നീ രണ്ട് തസ്തികകളും ഇല്ലാതാക്കി പകരം ഒരു ഡെപ്യൂട്ടി രജിസ്ട്രാർ തസ്തിക 77,400 - 1,15,200/- ശമ്പളനിരക്കിൽ താൽക്കാലികമായി സൃഷ്ടിച്ച്, പ്രസ്തുത ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിൽ അനുവദിക്കുന്നതിന്, സൂചന പ്രകാരം സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. ആഡിറ്റ് II/III/എസി.സി I & II സെക്ഷൻ / പബ്ലിക് റിലേഷൻസ് ഓഫീസർ/ഫിനാൻസ് I/II
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യൂ.എ.സി.
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-2-106/2018